## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:333

08/02/2016-ൽ മറുപടിക്ക്

### വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അവഗണന നേരിട്ടു എന്ന ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ജീവനക്കാർക്ക് സമാന വകുപ്പുകളിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അപേക്ഷിച്ച് കുറഞ്ഞ ശമ്പള സ്കെയിലാണ് ലഭിച്ചിട്ടുള്ളതെന്ന പരാതിയിൽ എന്തു പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി,സി & ഡി) പരിശോധിച്ച് വരുന്നു. |
| (സി) ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | |
| (ഡി) വന്യജീവി ഉൾപ്പെടെയുള്ളവയുടെ ഭീഷണിയിൽ 24 മണിക്കൂറും ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ട വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സമാനവകുപ്പിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുമായി ശമ്പള തുല്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**